**7th November 2015 / Saturday** **13th day of 90 days**

***വിശുദ്ധ യോഹന്നാൻ 3:16***

***'തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനു നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു',***

**ശത്രുക്കളെ സ്നേഹിക്കേണം എന്ന് പഠിപ്പിക്കുകയും ജീവിതത്തിൽ അത് നടപ്പിലാക്കി കാണിക്കുകയും തന്റെ രണ്ടാം വരവുവരെ അത് തുടരുകയും ചെയ്യുന്നു. ശത്രുക്കൾക്കായി ഒരു ലോകം തന്നെ സൃഷ്ടിച്ചു കൊടുക്കുന്നു. ലോക അവസാനം വരെ സുഖിച്ച് ജീവിക്കാൻ അനുവദിക്കുക, മനുഷ്യസൃഷ്ടികൾ മനംതിരിഞ്ഞ് പാപത്തിൽ നിന്ന് വിടുതൽ പ്രാപിച്ച് വീണ്ടും ജനനത്തിന്റെ അനുഭവത്തിൽ മുടിയാനായ പുത്രനെ സ്വീകരിച്ച പിതാവിനെപ്പോലെ മണവാട്ടി സഭയെ കാത്തിരിക്കുന്ന യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചുപോകാതെ ശുദ്ധീകരിച്ച് ഒരുക്കിയെടുത്തോളും, നമ്മുടെ സമ്മതവും സഹകരണവും മതി. ഈ ശത്രു ലോകത്തു നിന്ന് മണവാട്ടി സഭയെ വീണ്ടെടുക്കാനായി പിതാവായ ദൈവം തമ്പുരാൻ തന്റെ ഏകജാതനായ പുത്രനെ ഈ ലോകത്തേക്ക് അയച്ചു. അത്രമാത്രം പിതാവ് ഈ ലോകത്തെയും ലോകത്തുള്ളവരെയും സ്നേഹിച്ചു. സകലത്തെയും സൃഷ്ടിച്ചവനും പരിപാലിക്കുന്നവനും ദൈവമാണ്. രക്ഷയുടെ മാർഗ്ഗം കാണിച്ചു തന്നു. രക്ഷയുടെ പാതയിൽ സഞ്ചരിച്ച് നമ്മുടെ ജീവന് നിത്യത ലഭിക്കുവാൻ വിശ്വാസികൾ ഓരോരുത്തർ അതിനോട് അനുകൂലമായി സഹകരിക്കണം, പ്രതികരിക്കണം. മനുഷ്യർക്ക് അവരുടെ സ്വാതന്ത്ര്യത്തെ പ്രയോജനപ്പെടുത്താം. ഒരിക്കലും നശിച്ചുപോകാതെ, നിത്യജീവനെ പ്രദാനം ചെയ്യുന്ന സത്യവചനമാണിത്. പരിശുദ്ധാത്മാവിൽ വീണ്ടും ജനിക്കുകയും വായ്കൊണ്ട് രക്ഷകനെ ഏററുപറയുകയും ചെയ്താൽ ദൈവത്തിന്റെ മക്കളായി, നിത്യജീവൻ പ്രാപിക്കാൻ കഴിയും. ദൈവത്തിന്റെ ഇഷ്ടത്തിനനുസരിച്ച്, അവന്റെ പാതയിൽ സഞ്ചരിക്കുമ്പോൾ വേദനകൾ, കഷ്ടതകൾ, പ്രയാസങ്ങൾ ജീവിതത്തിലുണ്ടാകാം. അപ്പോൾ ദൈവത്തിന്റെ കൃപയാൽ അതിനെ അതിജീവിക്കാൻ കഴിയും. ദൈവത്തിന്റെ കല്പനകളെ അനുസരിച്ച് മക്കളായി ജീവിച്ച് നിത്യമായ ജീവന്റെ അവകാശികളായി തീരാം.**